പ്രകാരം ലേബർ കോടതിയിലൂടെയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ തീരുമാനത്തിനായി അനുരഞ്ജന പരാജയ റിപ്പോർട്ട് സർക്കാർ മുഖേന ലേബർ കമ്മിഷണർ ശുപാർശ ചെയ്തു വരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ (ലേ ഓഫ്) പ്രവർത്തനം പുനരാരംഭിക്കുന്നതിനായി ഏകദേശം 13 കോടി രൂപ ചെലവു വരുന്ന ഒരു പുനരുദ്ധാരണ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ കമ്പനിയുടെ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ ഇക്വിറ്റിയായി ജൂൺ 2000-ൽ അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ള അടച്ചുപൂട്ടിക്കിടക്കുന്ന 3 സ്ഥാപനങ്ങളിൽ ചാൻസലർ പേപ്പർ മിൽസ് അടച്ചു പൂട്ടുന്നതിന് ഉത്തരവായി. സിക്കിം ഹൗസിന്റെ കാര്യത്തിൽ ഒ. റ്റി. എസ്. -ന് നടപടി എടുക്കുന്നു. ട്രിക്കോട്ടു മിൽസിന്റെ കാര്യത്തിൽ ചർച്ചകൾ നടക്കുന്നു.

ലോക്കൗട്ട് ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ

3 (2000) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ തൊഴിലാളികളുള്ള എത്ര വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇപ്പോൾ നിലവിൽ തൊഴിലാളികളുള്ള എത്ര വ്യവസായങ്ങൾ പൂട്ടിക്കിടക്കുന്നു ; അവ ഏതെല്ലാം ;

(സി) ലോക്കൗട്ട് ചെയ്ത വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 100-ൽ കൂടുതൽ തൊഴിലാളികളുള്ള 10 വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ ലോക്കൗട്ടിലാണ്. അവ താഴെപറയുന്നവയാണ്:

1. ടെസിൽ കെമിക്കൽസ് ആന്റ് ഹൈഡ്രോ പവർലി- കോട്ടയം.
2. ട്രിക്കോട്ട് മിൽസ് ലിമിറ്റഡ്, തൃശ്ശൂർ.
3. തിരുവേപ്പതി മിൽസ് ലിമിറ്റഡ്, കണ്ണൂർ.
4. വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി, കോഴിക്കോട്.
5. ലക്ഷ്മി സ്റ്റാർച്ച്, കൊല്ലം.
6. പുനലൂർ പേപ്പർ മിൽസ്, കൊല്ലം.

LIBRARY ARCHIVES Kerala Legislative Assembly

7. കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ്, മലപ്പുറം
8. ഈസ്റ്റേൺ കോൺടിമെന്റ്സ്, തൊടുപുഴ.
9. പൊൻമുടി എസ്റ്റേറ്റ്, തിരുവനന്തപുരം.
10. ട്രാവൻകൂർ റബ്ബർ ആന്റ് റ്റി കമ്പനി, ഇടുക്കി.

(ബി) ഇപ്പോൾ സംസ്ഥാനത്ത് 100 ൽ കൂടുതൽ തൊഴിലാളികളുള്ള 10 വ്യവസായ സ്ഥാപനങ്ങൾ ലോക്കൗട്ടുമൂലവും 2 വ്യവസായ സ്ഥാപനങ്ങൾ ലേ-ഓഫ് മൂലവും മറ്റ് 8 സ്ഥാപനങ്ങൾ പലവിധ കാരണങ്ങളാലും പൂട്ടിക്കിടക്കുകയാണ്. അവയെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) ലോക്കൗട്ട് ചെയ്ത വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി അതാതു ജില്ലകളിലെ അനുരഞ്ജന ഉദ്യോഗസ്ഥന്മാരായ ജില്ലാ ലേബർ ഓഫീസർമാർ 1947-ലെ വ്യവസായ തർക്ക നിയമ്മനുസരിച്ച് തൊഴിലാളി പ്രതിനിധികളെയും തൊഴിൽദായക പ്രതിനിധികളെയും ചർച്ചയ്ക്കായി വിളിക്കുകയും തർക്കം പരിഹരിച്ചില്ലായെങ്കിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറോ, ലേബർ കമ്മീഷണറോ ഇടപെട്ട് അനുരഞ്ജന ചർച്ചകളിലൂടെ തർക്കം പരിഹരിച്ച് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചുവരുന്നു. തർക്കം പരിഹരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ തൊഴിൽതർക്ക നിയമത്തിലെ 10(1), (സി), (ഡി) വകുപ്പ് പ്രകാരം ലേബർ കോടതിയുടെയോ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ തീരുമാനത്തിനായി അനുരഞ്ജന പരാജയ റിപ്പോർട്ട് സമർപ്പിക്കുന്നു.

പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

4 (2001) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ ;

(ബി) വ്യവസായ പുനരുദ്ധാരണത്തിനുവേണ്ടി എന്തു തുക പിരിച്ചുവെന്നും, എന്തു തുക ഗവൺമെന്റ് വിഹിതമായി നൽകിയെന്നും വിശദമാക്കുമോ ;

(സി) ഇപ്രകാരം സമാഹരിച്ച ഫണ്ടിൽ നിന്നും ഏതൊക്കെ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സാദ്ധ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly